# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4069** **20.03.2018 ൽ മറുപടിയ്ക്ക്**

## നാളികേരത്തിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് കർമ്മ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) നാളികേരത്തിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും നാളികേരകൃഷിയുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | എ) ഉണ്ട്. നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാനായി സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ടുകൊണ്ട് സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2017-18 വർഷം സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു. ഈ വർഷം കൂടുതൽ മേഖലകളിലേക്ക് കേരഗ്രാമം പദ്ധതി വ്യാപിപ്പിക്കും. 'വൈഗ 2017' ൽ നടന്ന ശില്പശാലയുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ സമഗ്ര നാളികേര വികസന പദ്ധതികൾക്ക് രൂപം നൽകുവാൻ കൃഷി വകുപ്പ് മന്ത്രി ചെയർമാനായി കോക്കനട്ട് മിഷൻ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.<br>അത്യുല്പാദന ശേഷിയുള്ള കുറിയ ഇനം തെങ്ങുകളുടെ ശാസ്ത്രീയ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പദ്ധതിയും തെങ്ങുകളെ ബാധിക്കുന്ന കീടരോഗങ്ങൾക്കെതിരെ പ്രതിരോധ മാർഗ്ഗങ്ങൾ ഒരു ക്യാമ്പയിൻ അടിസ്ഥാനത്തിൽ അവലംബിക്കുവാനുള്ള പദ്ധതിയും 2017-18 വർഷം നടപ്പിലാക്കി വരുന്നു.<br>കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവുമായി |

സഹകരിച്ച് നാളികേരവികസനത്തിനായി 269.2426 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് അംഗീകാരം നൽകി നടപ്പിലാക്കി വരുന്നു.

കൂടാതെ SCSP/TSP മേഖലകളിൽ തെങ്ങ് പ്രദർശന തോട്ടങ്ങൾ സ്ഥാപിക്കുവാൻ 175 ലക്ഷം രൂപയുടെ പദ്ധതിയും, പ്രായാധിക്യവും, രോഗം മൂലവും ഉല്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പുതിയവ നടുന്നതിനും, ബാക്കി നിലനിൽക്കുന്ന തെങ്ങുകളെ ശാസ്ത്രീയമായി പരിപാലിക്കുന്നതിന് വേണ്ടിയുള്ള 1315.65 ലക്ഷം രൂപയുടെ നാളികേര വികസന ബോർഡിന്റെ കേന്ദ്രാവിഷ്കൃത പദ്ധതിയും ഈ വർഷം നാളികേര വികസനത്തിനായി സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു.

2018-19 വർഷം പുതുതായി കൂടുതൽ കേരഗ്രാമങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. കൊല്ലവർഷം 1193 ചിങ്ങം1 മുതൽ 1194 ചിങ്ങം 1 വരെ "കേരവർഷ"മായി ആചരിക്കുവാൻ പ്രഖ്യാപിക്കുകയും ഊർജ്ജിത കർമ്മപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാനായി നാളികേര കൃഷി വികസനത്തിനായുള്ള പദ്ധതികൾക്കായി 5000/- ലക്ഷം രൂപ എന്ന വർദ്ധിപ്പിച്ച ബഡ്ജറ്റ് വിഹിതമാണ് 2018-19 വർഷത്തേയ്ക്ക് അനുവദിച്ചിരിക്കുന്നത്.

| | |
|---|---|
| ബി) സംയോജിത വിള പരിശീലന മുറകൾ സ്വീകരിച്ച് നാളികേരകൃഷിയുടെ സംരക്ഷണത്തിനും അഭിവൃദ്ധിയ്ക്കും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിജയപ്രദമാണോ; | ബി) സംയോജിത വിള പരിശീലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ അഭിവൃദ്ധിക്ക് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കിയത് വഴി ഉല്പാദനം വർദ്ധിച്ചതായി കണക്കുകൾ വെളിപ്പെടുത്തുന്നു. |
| സി) മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദന, വിപണന സാധ്യത പ്രയോജനപ്പെടുത്തുന്നതിന് നടത്തിയ ശില്പശാല വൈഗ 2016-ന്റെ അടിസ്ഥാനത്തിൽ ഇവയുടെ വിപണന സാധ്യത മെച്ചപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ? | സി) മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദന, വിപണന സാധ്യത പ്രയോജനപ്പെടുത്തുന്നതിന് നടത്തിയ ശില്പശാല 'വൈഗ 2016'- ന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടം എന്ന നിലയിൽ ഈ സാമ്പത്തിക വർഷം 5 അഗ്രോ പാർക്കുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കോക്കനട്ട് അഗ്രോപാർക്ക് കോഴിക്കോട് കൂത്താളി ഫാമിലും, മലപ്പുറം ജില്ലയിൽ മുണ്ടേരി സീഡ് ഗാർഡൻ കോംപ്ലക്സിലും, ബനാന- ഹണി അഗ്രോ പാർക്ക് |

തൃശ്ശൂർ ജില്ലയിലെ കണ്ണാറ ഫാമിലും, മാംഗോ അഗ്രോപാർക്ക് പാലക്കാട് ജില്ലയിലെ മുതലമട ഫാമിലും വെജിറ്റബിൾ അഗ്രോപാർക്ക് ഇടുക്കി ജില്ലയിലെ വട്ടവടയിലുള്ള പഴത്തോട്ടത്തിലുമാണ് സ്ഥാപിക്കുന്നത്. ഇതിന്റെ നടപടികൾ Kerala Agro Industries Corporation- ന്റെ നേതൃത്വത്തിൽ നടന്നു വരുന്നു. ഇതിലേയ്ക്കായി KAICO 100 കോടി രൂപയുടെ പ്രൊപ്പോസൽ KIIFB- യിൽ സമർപ്പിച്ചിട്ടുണ്ട്. തുടർന്ന് 100.1 കോടി രൂപയുടെ ഭരണാനുമതി നൽകുകയും 14.28 കോടി കിഫ്ബി മുഖേന അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ E-buy Portal വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെയെല്ലാം പരിണിത ഫലമായി മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദന വിപണന സാദ്ധ്യതകൾ മെച്ചപ്പെടുന്നതാണ്.

Mayap

സെക്ഷൻ ഓഫീസർ